**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 205** **23-01-2025-ൽ മറുപടിയ്ക്ക്**

**<u>ആരോഗ്യ മേഖലയിൽ ലഭിച്ച പുരസ്കാരങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ആന്റണി ജോൺ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. വി. കെ. പ്രശാന്ത്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ നടത്തിവരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ഫലമായി 2016 മുതൽ ഇതുവരെ ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉത്തരം അനുബന്ധമായി ചേർക്കുന്നു

**(ബി)** അവയിൽ സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന മികവിന് മാത്രം ഏതെല്ലാം അംഗീകാരങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം മെഡിക്കൽ കോളേജുകൾക്കാണെന്നും അറിയിക്കുമോ;

**<u>മറുപടി:</u>** **ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം**

**അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യത്തേതുമായ എസ് എ റ്റി ആശുപത്രിക്ക് LaQshya സർട്ടിഫിക്കേഷൻ ലഭിച്ചു. എസ്. എ ടി യ്ക്ക് MBFHI (Mother Baby Friendly Hosptial Initiative) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.**

**2024ൽ ഗവ.ദന്തൽ കോളജിന് ദന്തൽ കോളേജ് വിഭാഗത്തിൽ NIRF റാങ്കിങ്ങിൽ 21 ആം റാങ്ക് ലഭിച്ചിട്ടുണ്ട്.**

**കേന്ദ്രസർക്കാരിന്റെ Centre of Excellance in Emergency and Trauma Care അവാർഡ് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് ലഭിച്ചു. Centre of Excellence for Genetic Diseases പുരസ്കാരം SATH തിരുവനന്തപുരത്തിനും ലഭിച്ചു.**

**ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ**

**ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കാർഡുകൾ (കാസ്പ് ഹെൽത്ത് ഇൻഷുറൻസ്) ജനങ്ങൾക്ക് നൽകിയതിന് സംസ്ഥാന തലത്തിൽ ആശുപത്രിയ്ക്ക് ഒന്നാം സ്ഥാനവും, ദേശീയ തലത്തിൽ മൂന്നാം സ്ഥാനവും നേടാൻ കഴിഞ്ഞിട്ടുണ്ട്.**

**ഗവ. മെഡിക്കൽ കോളേജ്, കോട്ടയം**

**ലക്ഷ്യ 2022-23 ൽ 87% മാർക്കോടെ ഗൈനക്കോളജി വിഭാഗം ലക്ഷ്യ അംഗീകാരം നേടി.**

**MBFHI (Mother and Baby Friendly Hosptial Initiative)97.26% മാർക്കോടെ അംഗീകാരം നേടി**

**മെഡിസെപ്പ് ബെസ്റ്റ് പെർഫോർമർ പുരസ്കാരം ലഭിച്ചു.**

**ആരോഗ്യ മന്ദൻ (KASP) 2021 ലഭിച്ചു**

**ഗവ. മെഡിക്കൽ കോളേജ്, എറണാകുളം**

**എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തന മികവിന് NHM ന്റെ Mother and Baby Friendly Hospital അവാർഡ് 2023 ൽ ലഭിച്ചു.**

**ഗവ. മെഡിക്കൽ കോളേജ്, വയനാട്**

**വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് 2023 വർഷത്തിൽ LaQshya പുരസ്കാരം ലഭിച്ചിട്ടുണ്ട്.**

**ഗവ. മെഡിക്കൽ കോളേജ്, കോന്നി**

**കോന്നി സർക്കാർ മെഡിക്കൽ കോളേജിന് കഴിഞ്ഞ ശബരിമല മണ്ഡലകാല ഉത്സവ സീസണിലെ (2023-24) മികച്ച Base Hospital ന് ഉള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.**

**ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്**

**2021 വർഷത്തിൽ ത്വക്ക് രോഗവിഭാഗത്തിന് ബെസ്റ്റ് DSRC (Designated STI RTI Clinic) അവാർഡ് ലഭിച്ചിട്ടുണ്ട്.**

**2019-20, 2021-22 വർഷങ്ങളിൽ ABPMJAY-KASP പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു.**

**അസോസിയേഷൻസ് ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ ബെസ്റ്റ് ഡിപ്പാർട്ടുമെന്റ് അവാർഡ് 2021, 2022 എന്നീ വർഷത്തിൽ സർജറി വിഭാഗത്തിന് ലഭിച്ചു.**

**ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കേരളത്തിൽ ആദ്യമായി മികച്ച ശിശുസൗഹൃദ സേവനങ്ങൾക്കുള്ള ദേശീയ മുസ്കാൻ(MusQan) സർട്ടിഫിക്കേഷൻ2024 ജനുവരിയിൽ സ്വന്തമാക്കി.**

**മാതൃശിശു സംരക്ഷണകേന്ദ്രത്തിന് ലേബർ റൂമിന്റെയും അനുബന്ധ ചികിത്സയുടെയും നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് LaQshya അക്രഡിറ്റേഷൻ അംഗീകാരം ലഭിച്ചു.**

**ആശുപത്രിയിലെ മാതൃശിശു ചികിത്സാ നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് MBFHI (Mother Baby Friendly Hospital Initiative) -അക്രഡിറ്റേഷൻ അംഗികാരം ലഭിച്ചു.**

**മെഡിസെപ്പ് ആരംഭിച്ച് 100 ദിവസം പൂർത്തിയായപ്പോൾ കേരളത്തിലെ ടോപ്പ് പെർഫോർമർ അവാർഡ് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിക്ക് ലഭിച്ചിട്ടുണ്ട്.**

**രക്തദാന ചലഞ്ചിൽ മെഡിക്കൽ കോളേജ് വിഭാഗത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ബ്ലഡ് ബാങ്ക് ഒന്നാമതെത്തുകയും പുരസ്കാരം ലഭിക്കുകയും ചെയ്തു.**

**ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി**

**2022 ഓഗസ്റ്റിൽ MBFHI (Mother Baby Friendly Hospital Initiative) അംഗീകാരം ലഭിച്ചു.**

**ഗവ.മെഡിക്കൽ കോളേജ് കണ്ണൂർ**

**സംസ്ഥാനത്ത് മെഡിസെപ് പദ്ധതി ഏറ്റവും മികച്ച രീതിയിൽ പൂർത്തീകരിച്ചതിന് 2022 വർഷത്തിൽ പുരസ്കാരം ലഭിച്ചു**

**(സി)** വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടത്തിവന്നിരുന്ന അപൂർവ്വ ശസ്ത്രക്രിയകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ ആശുപത്രികളിൽ നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** ദേശീയ തലത്തിൽ നടക്കുന്ന പല ശസ്ത്രക്രിയകളും സർക്കാർ മെഡിക്കൽ കോളേജിലും ചെയ്തു വരുന്ന Stereotac BIopsy, Endoscopic, Brain & Spine Neuro Surgery, Scoliosis Correction Surgery, Skull Base 8 Vascular Neuro Surgery എന്നീ മേജർ സർജറികൾ ന്യൂറോ സർജറി വിഭാഗത്തിലും, തൈറോയ്ഡ്, ഹെർണിയ ഉദരസംബന്ധമായ സർജറികളും, ആമാശയ സംബന്ധമായ സർജറികളും, ബ്രെസ്റ്റ് ക്യാൻസർ അല്ലാത്ത തരത്തിലുള്ള സർജറികളും, യൂട്രസ് റിമൂവ് ചെയ്യുന്നതും, ആമാശയം, അന്നനാളം, വൻകുടൽ, ചെറുകുടൽ, ബ്രെസ്റ്റ് ക്യാൻസർ, അണ്ഡാശയത്തിൽ ഉണ്ടാകുന്ന ക്യാൻസർ, ഗർഭാശയത്തിലും ഗർഭമുഖത്തും ഉണ്ടാകുന്ന ക്യാൻസർ Sarcoma, Oral കാൻസർ, Cancer Surgery എന്നിങ്ങനെയുള്ള സർജറികൾ പലതും കീഹോൾ ആയും (അപ്രകാരം ചെയ്യാൻ കഴിയുന്നവ) അല്ലാത്തവ ഓപ്പറേഷൻ സർജറി ആയും ചെയ്തു വരുന്നു. കാൻസറുമായി ബന്ധപ്പെട്ട് വിവിധതരം റീ കൺസ്ട്രക്ഷൻ സർജറി, പ്ലാസ്റ്റിക്, സർജറി വിഭാഗത്തിലും നടന്നു വരുന്നു.

എസ് എ റ്റി ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ ഡി ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയകൾ നടന്നു വരുന്നു പീഡിയാട്രിക് സർജറി വിഭാഗത്തിൽ കരൾ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഒഴികെ മറ്റെല്ലാവിധ ശസ്ത്രക്രിയകളും നടത്തി വരുന്നു.

വൻകിട സ്വകാര്യ ആശുപത്രികളിൽ നടത്തി വരുന്ന അവയവമാറ്റ ശസ്ത്രക്രിയകൾ ചുവടെപ്പറയുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തി വരുന്നു.

| | |
|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | വൃക്ക , കരൾ, ഹൃദയം, കോർണിയ |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | വൃക്ക , കരൾ, ഹൃദയം, ശ്വാസകോശം, കോർണിയ |
| സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | വൃക്ക, കോർണിയ |
| സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | വൃക്ക, കോർണിയ |
| എറണാകുളം ജനറൽ ഹോസ്പിറ്റൽ | വൃക്ക |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | കോർണിയ |
| സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ | കോർണിയ |

**(ഡി)** വലിയ ചെലവ് വരുന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നറിയിക്കാമോ; ഇത് കൂടുതൽ സർക്കാർ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ തിരുവനന്തപുരം, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

- 2018 ഒക്ടോബർ 23-ന് ചെന്നൈയിൽ വച്ച് ആദ്യമായി സംഘടിപ്പിച്ച ദക്ഷിണമേഖല നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാമിന്റെ വർക്ക്ഷോപ്പിൽ കേരളത്തിന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്.

- കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഡൽഹിയിൽ വച്ച് 29/06/2018-ൽ നടന്ന പ്രധാനമന്ത്രി സുരക്ഷാ അഭിയാൻ അവാർഡ്ദാന ചടങ്ങിൽ മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള അവാർഡ് ലഭിച്ചു.

- അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ സംസ്ഥാനത്ത് ഏറ്റവും നല്ല സേവനം രോഗികൾക്ക് നൽകിയതിനാൽ സ്കോച്ച് അവാർഡ് ഓഫ് മെറിറ്റിന് അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, മൈനാഗപ്പള്ളി അർഹയായി . കൂടാതെ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയ്ക്കും ഏറ്റവും മികച്ച സേവനത്തിനുള്ള സ്കോച്ച് അവാർഡ് ലഭിക്കുകയുണ്ടായി.

- ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് ബന്ധപ്പെട്ട സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഹൃദ്യം പദ്ധതിയ്ക്ക് രണ്ട് പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട് . ഇത് 2018 മാർച്ച് മാസത്തിൽ സ്കോച്ച് ഭാരത് ഗോൾഡ് അവാർഡ്, എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ് എന്നിവയാണ്.

- ബെസ്റ്റ് പ്രാക്ടീസ് ഇൻ പബ്ലിക് ഹെൽത്ത് എന്ന ബഹുമതിയ്ക്ക് 2018-ൽ കേരളത്തിൽ നടപ്പിലാക്കിയ ഇന്ത്യ ഹൈപ്പർ ടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് ( ഐ.എച്ച്.എം) അർഹമായിട്ടുണ്ട്.

- പ്രളയം, നിപ്പ എന്നീ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ തുടർച്ചയായ രണ്ട് വർഷം ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്.

- ആരോഗ്യ വകുപ്പിന്റെ പ്രവർത്തന മികവിന്റെ ഫലമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നല്കിയതിനുള്ള 2022-ലെ ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

- ആഭ്യന്തര മന്ത്രാലയം ക്ഷയരോഗമുക്ത നിലവാരം വിലയിരുത്തുന്നതിനു വേണ്ടിയുള്ള സബ് നാഷണൽ സർട്ടിഫിക്കേഷന്റെ ഭാഗമായി ഏർപ്പെടുത്തിയ പുരസ്കാരത്തിൽ സിൽവർ കാറ്റഗറിയിൽ സംസ്ഥാന ത്തിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

- 2020-ൽ ഐക്യ രാഷ്ട്ര സഭ (UN inter Agency Task Forceon NCD) പ്രഖ്യാപിച്ച ഏറ്റവും മികച്ച ജീവിതശൈലി രോഗനിർണ്ണയ പദ്ധതിക്കുള്ള അംഗരാജ്യങ്ങൾ നൽകുന്ന അന്തർ ദേശീയ പുരസ്കാരം സംസ്ഥാന ആരോഗ്യ വകുപ്പിന് ലഭിക്കുകയുണ്ടായി.

- ഇന്ത്യയിൽ മാതൃ മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി ഡിസംബർ 2022 ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും കേരള സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി.

- ലോക രോഗി സുരക്ഷാ ദിനത്തിന്റെ (International Patient safety Day ) 17 സെപ്റ്റംബർ 2021 ഭാഗമായി ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച രോഗി സുരക്ഷാ സപ്താഹ് ("Rogi suraksha Saptahh") വാരാഘോഷത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങൾക്ക് പുരസ്കാരം (അവാർഡ്) പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹമായി.

- ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ .എ .എസ്) അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ (21-100 ആശുപത്രി) തലത്തിൽ കേരളം ഒന്നാം സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു .

- സംസ്ഥാനങ്ങളുടെ പൊതുവിലുള്ള മികവ് വിലയിരുത്തി NITI Aayog തയ്യാറാക്കി വരുന്ന Health Index ൽ തുടർച്ചയായി നാല് തവണ കേരളം ഒന്നാമതാണ്.

- 2021 ൽ സെൻട്രൽ ടി ബി ഡിവിഷന്റെ സബ് നാഷണൽ സർട്ടിഫിക്കേഷന്റെ ഭാഗമായി കേരളത്തിന് സിൽവർ മെഡൽ ലഭിച്ചു.

- ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന'ഹൃദ്യം' പദ്ധതിക്ക് രണ്ട് പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ സ്കോച്ച് സ്വച്ച് ഭാരത് ഗോൾഡ് അവാർഡ്, Express Health Care അവാർഡ് ലഭിച്ചിട്ടുണ്ട്. ഹൃദ്യം പദ്ധതിയ്ക്ക് 2017 ലെ കേരള സംസ്ഥാന ഇ-ഗവേർണൻസ് അവാർഡ് 2018 ലും കേരള സംസ്ഥന ചീഫ് മിനിസ്റ്റർ അവാർഡ് 2019 ലും ലഭ്യമായി
- ആശാധാര പ്രോജക്ടിന് ദേശീയ തലത്തിൽ 2023-ലെ നാഷണൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചിട്ടുണ്ട്.

- ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ 2022-23, 2023-24 എന്നീ വർഷങ്ങളിൽ ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭ്യമായിട്ടുണ്ട്.

- ഗവേണൻസ് നൗ പി.എസ്.യു. ഐ.ടി. അവാർഡുകൾ 2023 - മികച്ച ഐ.ടി. സംവിധാനം നടപ്പാക്കൽ പദ്ധതി (ആരോഗ്യകിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷൻ).
- APAC ഹെൽത്ത് കെയർ ഇംപാക്ട് അവാർഡ് 2022

- ആരോഗ്യ മന്ഥന് 2023- ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം 2021, 2023

- ഇൻഡിഗ്ലോബൽ ഹെൽത്ത് കെയർ സമ്മിറ്റ് 2022 കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്) പദ്ധതിക്ക് കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുള്ള എക്സലൻസ് അവാർഡ്.

- PM-JAY (ഒക്ടോബർ 2022 മുതൽ സെപ്റ്റംബർ 2023 വരെ) പദ്ധതിയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കിയതിന്.

- AB-PM-JAY ക്ക് കീഴിൽ ആയിരം ഗുണഭോക്താക്കൾക്ക് ഏറ്റവും ഉയർന്ന എണ്ണത്തിൽ " ബെഡ് എംപാനൽമെന്റ് " ചെയ്ത സംസ്ഥാനത്തിലുള്ള അവാർഡ്

- AB-PM-JAY KASP (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ) ഏറ്റവും കൂടുതൽ ചികിത്സകൾ നൽകിയ സംസ്ഥാനം.
- AB-PM-JAY KASP-ന് പദ്ധതിയിൽ പ്രകാരം അർഹതപ്പെട്ടവരിൽ 90% പേർക്ക് കാർഡ് വിതരണം ചെയ്തതിന്.
- AB-PM-JAY KASP പ്രകാരം അനുവദിച്ച ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗം.
- ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ 2022 ലും 2023 ലും ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിച്ച സംസ്ഥാനം.
- ഹീമോഫീലിയ വിവര ശേഖരണത്തിനും ഏകോപനത്തിനും അന്തർദേശീയ അംഗീകാരം
- കാഴ്ച പരിമിതർക്കായി സജ്ജമാക്കിയ സേവനത്തിന് പ്രത്യേക ആരോഗ്യ മന്ദൻ 2023 പുരസ്കാരം
- കുറഞ്ഞത് ഒരു ആയുഷ്മാൻ കാർഡ് എങ്കിലുമുള്ള 90% കുടുംബങ്ങൾക്ക് മുകളിലുള്ള സംസ്ഥാനം
- കേരളത്തിന്റെ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് നാഷണൽ ഹെൽത്ത്കെയർ അവാർഡ്
- ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ്
- മാതൃമരണം കുറയ്ക്കുന്നതില് ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റിനുള്ള ദേശീയ അവാർഡ്
- ദേശീയ തലത്തിൽ എൻ.ക്യു.എ.എസ് . അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ രണ്ടാം സ്ഥാനം
- ഇന്ത്യാ ടുഡേയുടെ 'ഹെൽത്ത്ഗിരി' അവാർഡ്
- ഇ സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് എന്നീ സംരംഭങ്ങള്ക്ക് ഗവേർണസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ്
- എഫ്.എസ്.എസ്.എ.ഐ.യുടെ ഈറ്റ് റൈറ്റ് ചലഞ്ചിൽ സംസ്ഥാനത്തെ നാല് നഗരങ്ങൾക്ക് ദേശീയ പുരസ്കാരം.
- രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ്
- രാജ്യത്ത് ഏറ്റവും കൂടുതൽ കാർഡിയോളജി ഇന്റർവെൻഷൻ നടത്തുന്ന ആശുപത്രിയായി തിരുവനന്തപുരം മെഡിക്കൽ കോളേജ്.

സെക്ഷൻ ഓഫീസർ